**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** **12-02-2025 - ൽ മറുപടിയ്ക്ക്**

**2023-24 വർഷത്തെ തസ്തിക നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024 ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കേണ്ടിയിരുന്ന സ്കൂളുകളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് തസ്തിക നിർണ്ണയം വൈകുന്നതെന്ന് വിശദമാക്കുമോ; | (എ) | 2023-24 അധ്യയന വർഷത്തെ അധിക തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ റഗുലർ തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | തസ്തിക നിർണ്ണയ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും തസ്തിക നിർണ്ണയം എപ്പോൾ പൂർത്തിയാക്കുമെന്നും തസ്തിക നിർണ്ണയ ഉത്തരവ് എപ്പോൾ നിലവിൽ വരുമെന്നും വിശദമാക്കുമോ; | (ബി) | 2023-24 അധ്യയന വർഷത്തെ അധിക തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ റഗുലർ തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | തസ്തിക നിർണ്ണയത്തിലൂടെ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രൈമറി അധ്യാപകരുടെ(എൽ.പി, യു,പി തരം തിരിച്ച്) എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടുമെന്ന ജില്ല തിരിച്ചുള്ള കണക്കും ജൂൺ മാസത്തിലെ ആറാം പ്രവർത്തി ദിവസത്തെ തലയെണ്ണൽ പ്രകാരം എത്ര തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന (എൽ.പി, യു.പി തരം തിരിച്ച്) ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ? | (സി) | 2024-25 അധ്യയന വർഷത്തെ അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്നത് സംബന്ധിച്ച് വ്യക്തത വരികയുള്ളൂ. 2023-2024 ൽ ജൂൺ മാസത്തിലെ 6-ാം പ്രവൃത്തി ദിവസത്തെ തലയെണ്ണൽ പ്രകാരം നഷ്ടപ്പെട്ട എൽ.പി, യു.പി തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- 1**

| ക്രമ നമ്പർ | ജില്ല | നഷ്ടപ്പെട്ട തസ്തിക LP | നഷ്ടപ്പെട്ട തസ്തിക UP |
|---|---|---|---|
| 1. | തിരുവനന്തപുരം | 135 | 92 |
| 2 | കൊല്ലം | 58 | 41 |
| 3 | പത്തനംതിട്ട | 6 | 2 |
| 4 | ആലപ്പുഴ | 34 | 23 |
| 5 | ഇടുക്കി | 8 | 15 |
| 6 | എറണാകുളം | 20 | 28 |
| 7 | തൃശ്ശൂർ | 14 | 25 |
| 8. | പാലക്കാട് | 35 | 41 |
| 9 | മലപ്പുറം | 61 | 43 |
| 10 | വയനാട് | 14 | 17 |
| 11 | കോട്ടയം | 7 | 1 |
| 12 | കണ്ണൂർ | 25 | 21 |
| 13 | കാസർഗോഡ് | 34 | 31 |
| 14 | കോഴിക്കോട് | 44 | 37 |
| | **ആകെ** | **495** | **417** |